# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2796 — 18.08.2017 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകൾ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ്<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ആർ. രാജേഷ്<br>,, കെ.ഡി. പ്രസേനൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകൾ ഉൽകൃഷ്ട സ്ഥാപനങ്ങൾ (സെന്റർ ഓഫ് എക്സലൻസ്) ആക്കി മാറ്റുമെന്ന പ്രഖ്യാപിത നയത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) & (ബി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള വിവിധ പദ്ധതികൾ പുരോഗമിച്ചുവരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ 'ഇന്റർ നാഷണൽ സെന്റർ ഒഫ് എക്സലൻസ് ഇൻ അക്കാഡമിക് ആന്റ് റിസർച്ച് ' എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിന് 29.04.2017 ലെ സ.ഉ.(സാധാ) 807/2017/ഉ.വി.വ. പ്രകാരം 240.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മറ്റ് സർവ്വകലാശാലകളെ 'ഇന്റർ നാഷണൽ സെന്റർ ഒഫ് എക്സലൻസ് ഇൻ അക്കാഡമിക് ആന്റ് റിസർച്ച് ' എന്ന മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതി രൂപരേഖകൾ തയ്യാറാക്കിവരുന്നു. |
| (ബി) | ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം അക്കാഡമിക രംഗത്ത് മികവ് കൈവരിക്കുന്നതിനും മാനവശേഷി വികസിപ്പിക്കുന്നതിനും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ഇതിന്റെ ഭാഗമായി നൽകിയിട്ടുണ്ടോ | | |

| | | | |
|---|---|---|---|
| ( | | | |
| (സി) | പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്തി യഥാസമയം പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനും അഫിലിയറ്റ് ചെയ്യപ്പെട്ട കോളേജുകളുടെ പ്രവർത്തനം വിഭാവനം ചെയ്ത രീതിയിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ശാസ്ത്രസാങ്കേതിക സർവ്വകലാശാല, കേരള സർവ്വകലാശാല തുടങ്ങിയവയ്ക്ക് ഭരണപരമായി വിജയിക്കാൻ സാധ്യമായിട്ടില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിക്കുമോ? | (സി) | ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ മൂല്യനിർണയം, ഫലം പ്രഖ്യാപിക്കൽ എന്നിവ കുറ്റമറ്റതാക്കുവാൻ എല്ലാ സർവ്വകലാശാലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല ഉൾപ്പെടെയുള്ള എല്ലാ സർവ്വകലാശാലകളും ഏകീകൃത അക്കാദമിക് കലണ്ടർ തയ്യാറാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |

**സെക്ഷൻ ഓഫീസർ**